പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **739.**

13/06/2012 - ൽ മറുപടിയ്ക്ക്

## ആയുർവേദ മരുന്ന് വാങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനായി കേന്ദ്ര സർക്കാർ എത്ര തുകയാണ് സംസ്ഥാന സർക്കാരിന് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | 2010-11 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ഔഷധ വിതരണം നടത്തുന്നതിന് ആയുഷിൽ നിന്നും 4,62,28,000/- (നാല് കോടി അറുപത്തി രണ്ടായിരത്തി ഇരുപത്തി എട്ടായിരം) രൂപ ആയുർവേദ മരുന്നുകൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | മരുന്ന് വാങ്ങുന്നതിന് കേന്ദ്രം ഏതെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ആയുഷിൽ നിന്നും എസൻഷ്യൽ ഡ്രഗ്സിന്റെ ലിസ്റ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരമാണ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ഔഷധങ്ങൾ വിതരണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ അത്തരം സ്ഥാപനം വഴി കേന്ദ്രസർക്കാർ അനുവദിക്കുന്ന സംഖ്യക്ക് സർക്കാരിന് ആവശ്യമായ മരുന്നുകൾ ലഭിക്കാറുണ്ടോ എന്ന് വിശദമാക്കാമോ; | (സി) | ആയുഷിൽ നിന്നും ഔഷധങ്ങൾ വാങ്ങുന്നതിനായി അനുവദിക്കുന്ന തുകയ്ക്ക് കേരള സർക്കാർ സ്ഥാപനമായ ഔഷധിയിൽ നിന്നുമാണ് മരുന്നുകൾ വാങ്ങുന്നത്. ഈ തുകയ്ക്കുള്ള മരുന്നുകൾ ടി സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നുണ്ട്; |
| (ഡി) | ഇല്ലെങ്കിൽ, കേന്ദ്ര സർക്കാർ ആയുർവേദ മരുന്ന് വാങ്ങാൻ അനുവദിക്കുന്ന തുക ലാപ്സാകാതെ സർക്കാർ ഏജൻസികളെ വിപുലപ്പെടുത്തി വിദഗ്ധരായ സർക്കാർ ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ശാസ്ത്രീയമായ പഠനം നടത്തി മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ